# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**പി.എം.ജി.എസ്.വൈ**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1650**

12-06-2019

| | ചോദ്യം<br>ശ്രീ. കെ.സി.ജോസഫ് | | മറുപടി<br>ശ്രീ. എ. സി. മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | 2016 ഏപ്രിൽ ഒന്നിനുശേഷം സംസ്ഥാനത്തിന് പി.എം.ജി.എസ്.വൈ. പ്രകാരം എത്ര കിലോമീറ്റർ റോഡ് നിർമ്മിക്കാൻ അനുമതി ലഭിച്ചുവെന്നും അതിലേക്കായി എത്ര കോടി രൂപ അനുവദിച്ചുവെന്നും അറിയിക്കുമോ; | (എ) | 707.349 കി.മീ. ദൈർഘ്യം വരുന്ന 187 റോഡുകൾക്കാണ് അനുമതി ലഭിച്ചത്. ഇതിലേക്കായി 568.65 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | 2016 ഏപ്രിലിന് മുൻപ് ലഭിച്ച പി.എം.ജി.എസ്.വൈ. യിലെ എത്ര റോഡ് പ്രവർത്തികൾ നിർമ്മാണം പൂർത്തിയാക്കാനുണ്ട് എന്നും ഇത് സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്നും വെളിപ്പെടുത്തുമോ? | (ബി) | 2016 ഏപ്രിൽ ഒന്നിന് മുമ്പ് അനുമതി ലഭിച്ച റോഡുകളിൽ ഇനി 36 റോഡുകൾ പൂർത്തീകരിക്കാനുണ്ട്. ഇതിൽ 7 പ്രവൃത്തികൾ കരാറുകാരൻ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 3 റോഡുകൾ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാലും, 3 റോഡുകൾ കോടതിയിൽ കേസ് നിലനിൽക്കുന്നതിനാലും, 1 റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാലും പ്രവൃത്തി തടസ്സപ്പെട്ടിട്ടുണ്ട്. കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്ത 2 പ്രവൃത്തികൾ റി ടെണ്ടർ ചെയ്തപ്പോൾ കരാറുകാരൻ അധികതുക ക്വോട്ട് ചെയ്തതിനാൽ വീണ്ടും ടെണ്ടർ ചെയ്യുന്നതിന് തീരുമാനിച്ചു പ്രളയത്തിൽ തകർന്ന 1 റോഡിന്റെ കണക്ടിവിറ്റി നഷ്ടമായതിനാൽ ടി റോഡിനെ കണക്ട് ചെയ്യുന്നതിനുള്ള പാലം നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ടി റോഡിന്റെ പണി പൂർത്തീയാക്കേണ്ടതുണ്ട്. സ്ഥലം ലഭ്യമല്ലാത്ത 2 റോഡുകളും മറ്റ് ഏജൻസി നടപ്പിലാക്കിയ 1 റോഡുമടക്കം 3 റോഡുകൾ ഉപേക്ഷിക്കേണ്ടതായിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട കരാറുകാർക്കും ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**